# പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2023 മാർച്ച് 20, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(15-03-2023-ന് നിയമസഭയ്ക്കകത്തും ബഹു. സ്പീക്കറുടെ ചേംബറിന് മുന്നിലും നടന്ന പ്രതിഷേധ സമരവുമായി ബന്ധപ്പെട്ട് ഏഴ് പ്രതിപക്ഷാംഗങ്ങൾക്കെതിരെ ജാമ്യമില്ലാ വകുപ്പുപ്രകാരം കേസെടുത്തതിലും പ്രതിപക്ഷം ഉന്നയിച്ച ആവശ്യങ്ങളിൽ നടപടി സ്വീകരിക്കാത്തതിലും പ്രതിഷേധിച്ച് നടന്ന പ്രതിപക്ഷ ബഹളത്തെത്തുടർന്ന് 9.30-ന് നിർത്തിവച്ച സഭ 11.29-ന് പുനരാരംഭിച്ചു.)

(ശ്രദ്ധക്ഷണിക്കലും സബ്മിഷനും പരിഗണനയ്ക്കെടുത്തില്ല.)

## I. റൂളിംഗ്

2023 മാർച്ച് 14, 15 തീയതികളിൽ സഭയ്ക്കകത്തും പുറത്തുമുണ്ടായ

## സംഭവങ്ങളെ സംബന്ധിച്ച്

സഭയുടെ നടപ്പുസമ്മേളനത്തിൽ 2023 മാർച്ച് 14, 15 തീയതികളിൽ സഭയ്ക്കകത്തും പുറത്തുമുണ്ടായ ദൗർഭാഗ്യകരമായ സംഭവങ്ങളെ സംബന്ധിച്ച് ഉയർന്നുവന്ന പരാതികൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വിശദമായ റൂളിംഗ് നൽകുന്നതാണെന്ന് ചെയർ അറിയിച്ചിരുന്നു.

കാലാകാലങ്ങളിൽ സഭയ്ക്കകത്ത് ഉയർന്നുവന്നിരുന്ന പ്രശ്നങ്ങളിന്മേൽ കടുത്ത പ്രതിഷേധ പരിപാടികൾ സഭയ്ക്കകത്തും പുറത്തും കഴിഞ്ഞ കാലയളവിലുണ്ടായിട്ടുണ്ട്. ചട്ടം 50 പ്രകാരമുള്ള നോട്ടീസിന് അവതരണാനുമതി ലഭിക്കാത്തതു സംബന്ധിച്ച വിഷയമാണ് മുഖ്യമായും സഭാതലത്തിൽ പ്രതിഷേധമുയർന്നുവരാൻ കാരണമായി ഉന്നയിക്കപ്പെട്ടിട്ടുള്ളത്. സഭാനടപടികൾ തടസ്സപ്പെടുത്തുന്ന വേളയിൽ ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരമാണ് നോട്ടീസിന് അവതരണാനുമതി നിഷേധിക്കുന്നുവെന്ന തരത്തിലുള്ള ആക്ഷേപങ്ങൾ പ്രതിപക്ഷ കക്ഷി നേതാക്കൾ പത്രസമ്മേളനത്തിലൂടെയും മറ്റും ആവർത്തിച്ച് ഉന്നയിച്ചിരുന്നു. എന്നാൽ ഇത്തരം ആക്ഷേപങ്ങൾ വസ്തുതാപരമല്ലെന്നുമാത്രമല്ല, അത് ചെയറിന്റെ നിഷ്പക്ഷതയെ ചോദ്യം ചെയ്യുന്നതിന് തുല്യവും പാർലമെന്ററി മര്യാദയുടെ കടുത്ത ലംഘനവുമാണ്. വ്യത്യസ്ത കാരണങ്ങളാൽ

നടപ്പുസമ്മേളനത്തിൽ റൂൾ 50 പ്രകാരമുള്ള 4 നോട്ടീസുകൾക്ക് അവതരണാനുമതി നിഷേധിച്ചത് വസ്തുതയാണെങ്കിലും അത് പ്രതിപക്ഷത്തിന്റെ ന്യായമായ അവകാശങ്ങൾ ശാശ്വതമായി തടയുവാൻ ഉദ്ദേശിച്ചുകൊണ്ടോ, സർക്കാരിന്റെ താൽപ്പര്യ സംരക്ഷണത്തിനുവേണ്ടിയോ ആയിരുന്നില്ല. സുപ്രധാന വിഷയങ്ങളിന്മേൽ റൂൾ 50 പ്രകാരം നോട്ടീസ് നൽകിക്കൊണ്ട് ചർച്ച ആവശ്യപ്പെടാനുള്ള പ്രതിപക്ഷത്തിന്റെ അവകാശത്തെ സംരക്ഷിക്കുവാൻ എന്റെ മുൻഗാമികൾ കാണിച്ചിട്ടുള്ള മാതൃക തുടർന്നും ഉണ്ടാകുമെന്ന് സഭയെ അറിയിക്കുകയാണ്. ബന്ധപ്പെട്ട ചട്ടങ്ങൾക്ക് നിരക്കാത്ത നോട്ടീസുകളിന്മേൽ യുക്തമായ നടപടികൾ സ്വീകരിക്കാനുള്ള ചെയറിന്റെ അധികാരത്തെ മറ്റ് വിധത്തിൽ വ്യാഖ്യാനിക്കുന്നതോ അതിന്റെ പേരിൽ പാർലമെന്ററി മര്യാദകൾ ലംഘിക്കുന്നതോ യാതൊരു കാരണവശാലും അനുവദിക്കാനാകില്ല. സഭാ ചട്ടപ്രകാരവും പെരുമാറ്റ ചട്ടപ്രകാരവും സഭയ്ക്കകത്ത് പ്രതിഷേധിക്കാനുള്ള അംഗങ്ങളുടെ അവകാശങ്ങൾ വളരെ പരിമിതമാണെങ്കിലും കേരള നിയമസഭയിൽ സാമാന്യം ശക്തമായ പ്രതിഷേധങ്ങൾ ഉയർന്നുവന്നിട്ടുള്ള മുൻ അനുഭവങ്ങൾ നിരവധിയാണ്. എന്നാൽ നടപടിചട്ടപ്രകാരം സഭ സമ്മേളനത്തിലായിരിക്കുമ്പോൾ സമാന്തര സമ്മേളനം എന്ന പേരിലൊരു

നീക്കം നടത്തുകയും അതിന്റെ ദൃശ്യങ്ങൾ മൊബൈലിലൂടെ പകർത്തി ചാനലുകൾക്ക് ലഭ്യമാക്കുകയും ചെയ്ത നടപടി സഭാ പൈതൃകത്തെ ദോഷകരമായി ബാധിക്കുമെന്ന കാര്യം അംഗങ്ങൾ സ്വയം ചിന്തിക്കേണ്ടതാണ്. ഇത്തരം പ്രവർത്തനങ്ങൾ ആവർത്തിക്കപ്പെട്ടാൽ കർശനനടപടി സ്വീകരിക്കുന്നതാണ്. പ്രതിഷേധത്തിന്റെ ഭാഗമായി പ്ലക്കാർഡുകളും ബാനറും സഭയിൽ പ്രദർശിപ്പിക്കുന്ന രീതി കൂടിവരുന്നതും ചെയറിന്റെ മുഖം മറയ്ക്കുന്ന തരത്തിൽ ബാനർ പ്രദർശിപ്പിക്കുന്ന രീതിയിലും കടുത്ത വിയോജിപ്പ് അറിയിക്കുന്നു. ഒരംഗം സംസാരിക്കുമ്പോൾ നിരന്തരം തടസ്സപ്പെടുത്തുക, അപശബ്ദങ്ങൾ പുറപ്പെടുവിക്കുക, ചെയറിന്റെ ആവർത്തിച്ചുള്ള നിർദ്ദേശങ്ങൾ അവഗണിച്ചുകൊണ്ട് ഇരുവിഭാഗങ്ങളും വാഗ്വാദങ്ങളിൽ ഏർപ്പെടുക എന്നിങ്ങനെയുള്ള അനഭിലഷണീയമായ പ്രവർത്തനങ്ങൾ ഉപേക്ഷിക്കുവാൻ എല്ലാ അംഗങ്ങളും തയ്യാറാകണം. നിയമസഭാനടപടികളുടെ തൽസമയ സംപ്രേക്ഷണം സഭാ ടി.വി. വഴി നടത്തുന്നതിലെ അപാകത സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉൾപ്പെടെയുള്ളവർ നൽകിയ പരാതി ചെയർ പരിശോധിച്ചു. പ്രതിപക്ഷ പ്രതിഷേധം നടക്കുന്ന സന്ദർഭങ്ങളിൽ സഭാനടപടികളുടെ സംപ്രേക്ഷണത്തിൽ പ്രതിഷേധത്തിന്റെ വിഷ്വലുകളും കൂടി ഉൾപ്പെടുത്തുന്ന

പാർലമെന്റിലെ മാതൃക ഇവിടെയും സ്വീകരിക്കാനുള്ള നിർദ്ദേശം വിശദമായി പരിശോധിച്ച് ഉടൻതന്നെ മാർഗ്ഗനിർദ്ദേശങ്ങൾ പുതുക്കുന്നതാണ്. വീഡിയോ ചിത്രീകരണങ്ങൾക്ക് വിലക്ക് ഏർപ്പെടുത്തിയിരിക്കുന്ന സഭാതലത്തിലും പരിസരത്തും നിന്നുള്ള ദൃശ്യങ്ങൾ മൊബൈലിൽ പകർത്തി പുറത്തുകൊടുക്കുന്ന പ്രവണത വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളും കക്ഷിനേതാക്കളുമായി കൂടിയാലോചിച്ച് ഉടൻ പുറപ്പെടുവിക്കുന്നതാണ്. സഭാദ്ധ്യക്ഷന്റെ ഓഫീസ് ഉപരോധിക്കാനായി മാർച്ച് 15-ന് നടന്ന ശ്രമം അങ്ങേയറ്റം ദൗർഭാഗ്യകരമാണ്. അത്തരമൊരു നീക്കം ഒരുപക്ഷേ കേരളനിയമസഭയുടെ ചരിത്രത്തിൽത്തന്നെ ആദ്യമായിട്ടായിരിക്കുമെന്നാണ് തോന്നുന്നത്. ഓഫീസ് ഉപരോധത്തെ തുടർന്ന് വാച്ച് ആന്റ് വാർഡ് സ്റ്റാഫുമായിട്ടുണ്ടായ ബലപ്രയോഗത്തിനിടയിൽ ഏതാനും അംഗങ്ങൾക്കും വാച്ച് ആന്റ് വാർഡ് സ്റ്റാഫിനും പരിക്കേൽക്കുകയും ആശുപത്രിയിൽ ചികിത്സയ്ക്ക് വിധേയമാകേണ്ടി വരികയും ചെയ്തിട്ടുണ്ട്. രണ്ട് ഭരണകക്ഷി അംഗങ്ങൾക്കെതിരെ ഉൾപ്പെടെ പത്തോളം പരാതി ചെയറിന് ലഭിച്ചിട്ടുണ്ട്. ആശുപത്രിയിൽ ചികിത്സയിലായിരുന്നവരുടെ മൊഴികളുടെ അടിസ്ഥാനത്തിൽ മ്യൂസിയം പോലീസ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് തുടർനടപടി

സ്വീകരിക്കുന്നതായി ചെയർ മനസ്സിലാക്കുന്നു. നിയമസഭാദ്ധ്യക്ഷന്റെ അധികാരപരിധിയിൽവച്ച് നടന്നൊരു സംഭവമായതിനാൽ ചട്ടം 164, 165 എന്നിവയിലെ വ്യവസ്ഥകൾ പാലിക്കേണ്ടതുള്ളതിനാൽ ഇക്കാര്യം വിശദമായി പരിശോധിച്ചശേഷം മാത്രമേ ലഭ്യമായ പരാതികളിന്മേൽ യുക്തമായ തുടർനടപടികൾ സ്വീകരിക്കുകയുള്ളൂ.

കേവലമായ രാഷ്ട്രീയ ഭിന്നതയുടെ പേരിലോ അഭിപ്രായവ്യത്യാസങ്ങളുടെ പേരിലോ അർപ്പിതമായ ഉത്തരവാദിത്തത്തിൽനിന്നും ഒഴിഞ്ഞുമാറാൻ നമുക്കാവില്ല. യോജിക്കാവുന്ന കാര്യങ്ങളിൽ യോജിച്ചുകൊണ്ടും വിയോജിക്കേണ്ട കാര്യങ്ങളിൽ വിയോജിച്ചുകൊണ്ടും നിയമസഭാ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകാൻ എല്ലാ അംഗങ്ങളും തയ്യാറാകണം. ചട്ടങ്ങളും കീഴ്‌വഴക്കങ്ങളും നടപടിക്രമങ്ങളുമനുസരിച്ച് ഓരോ അംഗത്തിനും ലഭ്യമായിട്ടുള്ള അവകാശങ്ങൾ നിഷേധിക്കുന്ന തരത്തിലുള്ള യാതൊരു സമീപനവും ചെയറിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ല. ഇനി ഉണ്ടാവുകയുമില്ലെന്ന് ഒരിക്കൽക്കൂടി അടിവരയിട്ടുപറയുകയാണ്.

## II. **അറിയിപ്പ്**

### പരാമർശം പിൻവലിക്കൽ

മി. സ്പീക്കർ: 2023 മാർച്ച് 14-ാം തീയതി റൂൾ 50 അനുസരിച്ചുള്ള നോട്ടീസിന് അനുമതി നിഷേധിച്ചതിനെത്തുടർന്നുണ്ടായ പ്രതിപക്ഷ പ്രതിഷേധ വേളയിൽ ബഹുമാനപ്പെട്ട പാലക്കാട് എം.എൽ.എ. ശ്രീ. ഷാഫി പറമ്പിലിന്റെ പേര് പരാമർശിച്ചുകൊണ്ട് ചെയർ നടത്തിയ ചില പരാമർശങ്ങൾ അനുചിതമായിരുന്നുവെന്നും ആയത് അംഗത്തെ വേദനിപ്പിച്ചുവെന്നും മനസ്സിലാക്കുന്നു. ബോധപൂർവ്വമല്ലാതെ നടത്തിയ ടി പരാമർശം ചെയർ പിൻവലിക്കുകയാണ്. പ്രസ്തുത പരാമർശങ്ങൾ സഭാരേഖകളിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): ചെയർ നടത്തിയ റൂളിംഗിനെ എതിർക്കുന്നില്ല. റൂൾ 50-മായി ബന്ധപ്പെട്ട് നാളിതുവരെയില്ലാതിരുന്ന കീഴ്‌വഴക്കവും നിയന്ത്രണവും കൊണ്ടുവന്നതും മുൻ കാലങ്ങളിലേതുപോലെ റൂൾ 50 അനുവദിക്കാൻ സാധിക്കില്ലെന്ന മുഖ്യമന്ത്രിയുടെ അസന്ദിഗ്ദ്ധമായ പ്രസ്താവനയുമാണ് പ്രതിപക്ഷം സഭാനടപടികളുമായി സഹകരിക്കാത്തതിനുള്ള പ്രധാന കാരണം. ചേങ്കോട്ടുകോണത്ത് ഒരു പെൺകുട്ടിക്കെതിരെയുണ്ടായ ആക്രമണവും കഴിഞ്ഞദിവസം കോഴിക്കോട് മെഡിക്കൽ കോളേജിലും വഞ്ചിയൂരിലുമുണ്ടായ സംഭവങ്ങളും അടിയന്തരപ്രമേയമായി സഭയിൽ

കൊണ്ടുവരാനുദ്ദേശിച്ചതിലൂടെ ടി വിഷയത്തിന്റെ ഗൗരവം വ്യക്തമാക്കുന്നു. പൊതുസമൂഹത്തിൽ നടക്കുന്ന ഇത്തരം സംഭവങ്ങൾ അടിയന്തരപ്രമേയമായി സഭ മുമ്പാകെ അവതരിപ്പിക്കാൻ അനുമതി നിഷേധിക്കുന്നത് പ്രതിപക്ഷത്തിന്റെ അവകാശങ്ങളിന്മേലുള്ള കൈകടത്തലാണ്. കഴിഞ്ഞദിവസം നിയമസഭാമന്ദിരത്തിൽ നടന്ന അക്രമസംഭവങ്ങളുമായി ബന്ധപ്പെട്ട് പ്രതിപക്ഷാംഗങ്ങൾക്കെതിരെ പോലീസ് രജിസ്റ്റർ ചെയ്തിരിക്കുന്ന കേസിൽ വാദി പ്രതിയായി മാറുകയും രണ്ട് വനിതാംഗങ്ങൾ ഉൾപ്പെടെ ഏഴ് പേർക്കെതിരായി പത്ത് വർഷം തടവുശിക്ഷ ലഭിക്കാവുന്ന ജാമ്യമില്ലാകുറ്റം ചുമത്തി കേസെടുക്കുകയും ചെയ്തിരിക്കുന്ന സാഹചര്യത്തിൽ സഭാനടപടികളുമായി യോജിച്ചുപോകാൻ സാധിക്കില്ല.

(പ്രതിപക്ഷാംഗങ്ങൾ പ്ലക്കാർഡുകളുയർത്തി മുദ്രാവാക്യം വിളിച്ചുകൊണ്ട് സ്പീക്കറുടെ ഡയസ്സിനു മുന്നിൽവന്ന് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): നിയമസഭാ ചട്ടം 52-ൽ പ്രമേയം അവതരിപ്പിക്കുന്നതിനുള്ള അവകാശത്തിന്മേലുള്ള നിയന്ത്രണങ്ങൾ നിലനിൽക്കുമ്പോൾ ഒരു

നിയന്ത്രണവും പാടില്ലെന്ന് പ്രതിപക്ഷനേതാവ് പറയുന്നത് ചട്ടങ്ങൾ അംഗീകരിക്കുന്നില്ലെന്നുള്ളതാണ്. നിയമസഭയ്ക്കകത്ത് ഗൗരവമായ വിഷയങ്ങൾ ചർച്ച ചെയ്യാനുള്ള അവസരം നിഷേധിക്കുകയാണ് പ്രതിപക്ഷം ചെയ്യുന്നത്. റൂൾ 50-മായി ബന്ധപ്പെട്ട് പ്രതിപക്ഷനേതാവ് ഉന്നയിച്ച കാര്യങ്ങൾ വസ്തുതയ്ക്കും ചട്ടങ്ങൾക്കും കീഴ്വഴക്കങ്ങൾക്കും നിരക്കുന്നതല്ല.

## III. **മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപട്ടികയിലെ ഇനം 3 അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## IV. **സമയം ദീർഘിപ്പിക്കുന്നതിനുള്ള പ്രമേയം**

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): 2021-ലെ കേരള പൊതുജനാരോഗ്യ ബില്ലിനെ സംബന്ധിച്ച സെലക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയം 2023 മാർച്ച് 20-ാം തീയതി വരെ ദീർഘിപ്പിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

## V. റിപ്പോർട്ട് സമർപ്പണം

(1) 2021-ലെ കേരള പൊതുജനാരോഗ്യ ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റി റിപ്പോർട്ടും സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ നാല് മുതൽ എട്ട് വരെയുള്ള റിപ്പോർട്ടുകളും സമർപ്പിച്ചു.

(2) കാര്യോപദേശക സമിതിയുടെ പത്താമത് റിപ്പോർട്ട് സമർപ്പിച്ചു.

## VI. റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ പത്താമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## VII. ധനകാര്യം

2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു:

ധനാഭ്യർത്ഥന നമ്പർ XVII - വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം (24557,19,46,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXIV - തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും
(1374,24,69,000 രൂപ)

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു:

ധനാഭ്യർത്ഥന നമ്പർ XLVI - സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും
(12109,38,47,000 രൂപ)

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയേയും തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയേയും സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചില്ല.

വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയും തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയും സാമൂഹ്യ

സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ രാവിലെ 11.49-ന് പിരിഞ്ഞു.

*****